# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.523** **04.02.2020-ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ലോട്ടറി മാഫിയെ നിരോധിക്കാൻ നിയമ നടപടി**

| | ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, പി.ടി.എ. റഹീം<br>,, എൻ. വിജയൻ പിള്ള<br>,, വി. അബ്ദുറഹിമാൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനം നേരിട്ടു നടത്തുന്ന ലോട്ടറിക്ക് 28 ശതമാനം നികുതി ഏർപ്പെടുത്തിയത് ഈ മേഖലയിൽ ഉപജീവനമാർഗം കണ്ടെത്തുന്നവരെയും സംസ്ഥാന വരുമാനത്തെയും പ്രതികൂലമായി ബാധിക്കാനിടയാകുന്നതിനാൽ ഇതിനെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 01.03.2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമായിട്ടുണ്ട്. നിലവിൽ 30/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറു പ്രതിവാര ഭാഗ്യക്കുറികളുടെയും 50/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായ ത്തിൽ 7% ത്തോളം (ഏകദേശം |

| | | | |
|---|---|---|---|
| | | | പകുതിയോളം)തുക കുറവ് വരുകയും പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്കവിധത്തിൽ ആകർഷകമാക്കിയാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. തൊഴിലാളികൾക്ക് ലഭിച്ചുവന്ന വരുമാനത്തിൽ കുറവുണ്ടാകാത്ത വിധമാണ് ഘടന പരിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാന ലോട്ടറിയുടെ കഴിഞ്ഞ വർഷത്തെ വരവ് ചെലവ് കണക്കുകൾ ഇനം തിരിച്ച് അറിയിക്കാമോ; | (ബി) | സംസ്ഥാന ലോട്ടറിയുടെ കഴിഞ്ഞ വർഷത്തെ വരവ് 9264.55 കോടി രൂപയും ആകെ ചെലവ് 7591.44 കോടി രൂപയുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച വരുമാനം - 9262.70 കോടി<br><br>മറ്റിനങ്ങൾ - 1.85 കോടി<br><br>**ആകെ വരുമാനം - 9264.55 കോടി**<br><br>ജീവനക്കാരുടെ സാലറി, മറ്റ് ഓഫീസ് ചെലവുകൾ - 35.40 കോടി<br><br>ടിക്കറ്റ് അച്ചടിക്കൂലി, നറുക്കെടുപ്പ് ചെലവുകൾ, ടിക്കറ്റ് വിതരണ വാഹന ചാർജ്ജ്, ടിക്കറ്റ് കയറ്റിറക്കുകൂലി മുതലായവ - 139.78 കോടി<br><br>പരസ്യ ചെലവ് - 27.94 കോടി<br><br>ഏജന്റുമാർക്കുള്ള സമ്മാനം - 479.94 കോടി<br><br>ഏജന്റുമാർക്കുള്ള ഡിസ്കൗണ്ട് - 2320.68 കോടി<br><br>സമ്മാനവിതരണം - 4587.70 കോടി<br><br>**ആകെ ചെലവ് - 7591.44 കോടി** |
| (സി) | സംസ്ഥാനത്തെ ജനങ്ങളുടെ ചികിത്സക്കുൾപ്പെടെയുള്ള ക്ഷേമ | (സി) | ഇതര സംസ്ഥാന ഭാഗ്യക്കുറി ഇടനിലക്കാരെ പ്രതിരോധിക്കുവാൻ |

| | | | |
|---|---|---|---|
| | കാര്യങ്ങൾക്കും വികസന പ്രവർത്തനത്തിനും വിനിയോഗിക്കുന്ന തുക ഇതര സംസ്ഥാന ലോട്ടറി ഇടനിലക്കാർക്ക് സ്വന്തമാക്കാൻ അവസരം സൃഷ്ടിക്കുമെന്നതിനാൽ ഇതര സംസ്ഥാന ലോട്ടറി മാഫിയെ നിരോധിക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; ഇക്കാര്യത്തിൽ നിയമ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | സംസ്ഥാന സർക്കാരിന് അധികാരം നൽകുന്ന റൂൾ ചേർത്ത് കേന്ദ്ര ലോട്ടറി റെഗുലേഷൻസ് റൂൾസ് ഭേദഗതി വരുത്തുവാൻ കേന്ദ്ര ആഭ്യന്തര വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി യോട് കൂടി മാത്രമെ കേരളത്തിൽ ലോട്ടറി നടത്തുവാൻ സാധിക്കുകയുള്ളൂവെന്നും നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ നടത്തുന്ന ലോട്ടറികൾ പിടിച്ചെടുക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് കേരള ലോട്ടറി റെഗുലേഷൻ റൂൾസ് 2005 ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി റൂൾസ് കേരള പേപ്പർ ലോട്ടറി റെഗുലേഷൻ റൂൾസ് 2018 പ്രകാരം, നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ നടത്തുന്ന ലോട്ടറികൾക്കെതിരെ നിയമ നടപടി സ്വീകരിക്കാവുന്നതാണ്. |

Puja

സെക്ഷൻ ഓഫീസർ